പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1725** 12.06.2019-ൽ

മറുപടി നൽകേണ്ടിയിരുന്നത്

**നടുവിൽ ഗവ. പോളി ടെക്നിക്കിന്റെ പ്രവർത്തനം**

**ചോദ്യം**

ശ്രീ. കെ.സി.ജോസഫ്

**ഉത്തരം**

**ഡോ. കെ. ടി. ജലീൽ**

(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ നടുവിൽ സർക്കാർ പോളിടെക്നിക്കിന്റെ പ്രവർത്തനം 2019-20 അദ്ധ്യായന വർഷം ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) | എ. ഐ. സി. ടി. ഇ. പരിശോധനയ്ക്കു ശേഷം അംഗീകാരം ലഭിച്ചാൽ മാത്രമേ പുതിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുകയുള്ളൂ. നടുവിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന നിർദിഷ്ട പോളിടെക്ക്നിക്ക് കോളേജിന്റെ എ. ഐ. സി. ടി. ഇ. പരിശോധനയ്ക്കുള്ള നടപടികൾ പൂർത്തിയായി വരുന്നു. നടുവിൽ സർക്കാർ പോളിടെക്നിക്ക് കോളേജിന്റെ പ്രവർത്തനം 2019-20 അദ്ധ്യയന വർഷം ആരംഭിക്കാൻ സാധിക്കുകയില്ല. |
| (ബി) | പോളിടെക്നിക്കിന് എ. ഐ. സി. ടി. ഇ. അംഗീകാരം ലഭിക്കുന്നതിന് ടെക്നിക്കൽ ഹൈസ്കൂളിന്റെ പേരിലുള്ള 7.52 ഏക്കർ ഭൂമിയിൽ നിന്നും 5 ഏക്കർ ഭൂമി പോളിടെക്നിക്കിന് കൈമാറാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |

| | | | |
|---|---|---|---|
| (സി) | ഇല്ലെങ്കിൽ, ആയതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; | (സി) | കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ നടുവിൽ വില്ലേജിൽ R. S. No. 306 പ്രകാരമുള്ള ടെക്നിക്കൽ ഹൈസ്കൂളിന്റെ ഉടമസ്ഥതയിലുള്ള 7.52 ഏക്കർ ഭൂമിയിൽ 5 ഏക്കർ ഭൂമി പുതിയതായി ആരംഭിക്കുന്ന സർക്കാർ പോളിടെക്നിക്കിനായി കൈമാറുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിന്റെ 125/എൽ 2/2017/റവ നമ്പർ ഫയലിൽ സ്വീകരിച്ചു വരുന്നു. |
| (ഡി) | പോളിടെക്നിക്ക് പ്രവർത്തനം ആരംഭിക്കുവാനാവശ്യമായ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | നടപികൾ സ്വീകരിച്ചു വരികയാണ്. ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ നടന്നു വരുന്നു. വിവിധ ലാബുകളിലേയ്ക്കും വർക്ക്ഷോപ്പുകളിലേയ്ക്കും ആവശ്യമായ മെഷിനറികൾ വാങ്ങാൻ വേണ്ടി 25,48,420/- രൂപയുടെ സാങ്കേതികാനുമതി നല്കിയിട്ടുണ്ട്. അതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയാണ്. 25 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനു 9,76,250/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 35,14,800/- രൂപയുള്ള ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ